**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - കൊല്ലം പരവൂർ എസ് എൻ വി ഗേൾസ് ഹൈസ്കൂൾ ഹിന്ദി അദ്ധ്യാപിക ശ്രീമതി. ശ്രീലത.എസ് സമർപ്പിച്ച നിവേദനം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.161/2022/പൊ.വി.വ   തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:-

1. കൊല്ലം പരവൂർ എസ് എൻ വി ഗേൾസ് ഹൈസ്കൂൾ ഹിന്ദി അദ്ധ്യാപിക ശ്രീമതി. ശ്രീലത.എസ് ന്റെ നിയമനാംഗീകാരം സംബന്ധിച്ച നിവേദനം
2. 16/12/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ.റ്റി1/5856/2020/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊല്ലം പരവൂർ എസ് എൻ വി ഗേൾസ് ഹൈസ്കൂൾ ഹിന്ദി അദ്ധ്യാപികയായ തന്റെ 01/06/2017 മുതലുള്ള പുനർ നിയമനം പുന:പരിശോധിക്കണമെന്നും ആയത് അംഗീകരിക്കുന്നതിനാവശ്യമായ തീരുമാനം സർക്കാരിൽ നിന്നുമുണ്ടാകുന്നതിനുവേണ്ടി പരാമർശം 1 പ്രകാരം നിവേദനം സമർപ്പിച്ചു.

2. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

3. പരവൂർ എസ്.എൻ.വി.ജി.എച്ച്.എസ് മാനേജർ ശ്രീമതി ശ്രീലത.എസിനെ 01.06.2017 മുതൽ 2017-18 ലെ പ്രതീക്ഷിത അധിക എൽ.ജി ഹിന്ദി തസ്തികയിൽ നിയമിച്ചു. 01.06.2017 ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം എൽ.ജി (ഹിന്ദി) തസ്തികയിൽ ഒരാൾ അംഗീകാരത്തോടെയും ശ്രീമതി. ശ്രീലത. എസ് അംഗീകാരമില്ലാതെയും നിലനിൽക്കുന്നു. ടി നിയമനം 2017-18 ലെ അധിക തസ്തികയിലെ നിയമനമായതിനാൽ 1:1 അനുപാത പ്രകാരം അധ്യാപക ബാങ്കിൽ നിന്നും സംരക്ഷിതദ്ധ്യാപകരെ നിയമിക്കണമെന്നതിനാൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14.09.2018 ലെ ബി5/3116/2017/കെ.ഡിസ് ഉത്തരവ് പ്രകാരം നിരസിച്ചു. അതിനുശേഷം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയും നിരസിച്ചു. തുടർന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ 29.01.2016 ന ശേഷം ഉള്ള നിയമനമായതിനാൽ ജെ2/57/2019/Gedn സർക്കുലറിന്റെ അടിസ്ഥാനത്തിൽ പുനപരിശോധിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ച് മടക്കിയിരുന്നു . ഇതിന്റെ അടിസ്ഥാനത്തിൽ മാനേജർ നിയമനാംഗീകാര അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പുന സമർപ്പിച്ചിരുന്നു.

4. ടിയാരി 06.11.2000 മുതൽ 27.02.2001 വരെയും 10.10.2012 മുതൽ 15.03.2013 വരെയും മാത്രമേ എൽ .ജി (ഹിന്ദി) തസ്തികയിൽ ടിയാൻ സേവനം അനുഷ്ഠിച്ചിട്ടുള്ളു. 14.10.2015 ലെ 44977/ജെ2/13 സർക്കാർ കത്ത് പ്രകാരം തുടർച്ചയായി ഒരു അക്കാഡമിക് വർഷം സേവനം അനുഷ്ഠിച്ചവരെ മാത്രമേ 51 എ അവകാശിയായി പരിഗണിക്കുവാൻ സാധിക്കുകയുള്ളു. കൂടാതെ ടിയാളുടെ ജനനതീയതി 31.05.1969 ആണ്. അയതിനാൽ ടിയാരി നിശ്ചിത പ്രായപരിധിക്കുള്ളിൽ നിയമിക്കപ്പെട്ടിട്ടില്ല. എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനം വീണ്ടും നിരസിച്ചു.

5. 14.10.2015 ലെ 44977/ജെ2/13/പൊ വി വ യുടെ (i)ൽ ഇപ്രകാരം പറയുന്നു.

A teacher , who has relieved from service under Rules 49 and 52 of Chapter XIV A of the KER, is entitled to get preference for appointment under Rule 51 A only if the teacher has a minimum prescribed continuous service in an academic year as on the date of relief.

6. 14.10.2015 ലെ 44977/ജെ2/13 സർക്കാർ കത്ത് പ്രകാരം തുടർച്ചയായി ഒരു അക്കാഡമിക് വർഷം സേവനം അനുഷ്ഠിച്ചിട്ടില്ലാത്തതിനാൽ 51 എ അവകാശിയായി പരിഗണിക്കുവാൻ കഴിയാത്തതിനാലും ടിയാളുടെ ജനനതീയതി 31.05.1969 ആയതിനാലും ശ്രീമതി. ശ്രീലത. എസിന്റെ 01.06.2017 മുതലുള്ള നിയമനം പരിഗണിക്കാവുന്നതല്ല.

മേൽ സാഹചര്യത്തിൽ പരാമർശം 1 പ്രകാരം ശ്രീമതി. ശ്രീലത.എസ് സർക്കാരിൽ നൽകിയ നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം.

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം.

ശ്രീമതി. ശ്രീലത.എസ്, ഹിന്ദി അദ്ധ്യാപിക, കൊല്ലം പരവൂർ എസ് എൻ വി ഗേൾസ് ഹൈസ്കൂൾ

മാനേജർ, എസ് എൻ വി ഗേൾസ് ഹൈസ്കൂൾ, പരവൂർ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 07-01-2022 17:03:54
Reason: Approved

സെക്ഷൻ ഓഫീസർ